**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **3881**</u>

**<u>15.03.2017</u>** <u>ൽ മറുപടിക്ക്</u>

## <u>കരമണലിൽ നിന്നും ലോഹങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ തീരപ്രദേശങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ലോകോത്തര നിലവാരമുള്ള കരമണലിൽ നിന്നും ലോഹങ്ങൾ വേർതിരിച്ചെടുത്ത് വാണിജ്യാടിസ്ഥാനത്തിൽ വില്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നതായി വിശദീകരിക്കാമോ; | (എ) ഉണ്ട്. ധാതുമണലിൽ നിന്നും ടൈറ്റാനിയം, സിർക്കോണിയം എന്നിവ വേർതിരിച്ചെടുത്ത് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഒരു ഇൻഡസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിക്കുകയും ഇതിലേയ്ക്കായി ഡോ.എം.പി. സുകുമാരൻ നായർ, ചെയർമാൻ Public Sector Restructuring and Internal Audit Board (RIAB) ചെയർമാനായുള്ള ഒരു കമ്മിറ്റി 11.01.2017 ൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ധാതുമണൽ ഖനനവുമായി ബന്ധപ്പെട്ട് പരിസ്ഥിതി വകുപ്പിന്റെ ഏതെല്ലാം ഉത്തരവുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 1986 ലെ കേന്ദ്ര എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2006 ലെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് (EIA) നോട്ടിഫിക്കേഷൻ പ്രകാരം ധാതുമണൽ ഖനനത്തിനായി പാരിസ്ഥിതികാനുമതി നേടേണ്ടതുണ്ട്. ധാതുമണൽ ഖനനം കോസ്റ്റൽ റഗുലേഷൻ സോണിൽപ്പെടുന്ന (CRZ) പ്രദേശങ്ങളിലാണ് നടക്കുന്നതെങ്കിലും ടി പ്രവൃത്തിയെ CRZ ക്ലിയറൻസ് നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) അറ്റോമിക് മിനറൽ ഡയറക്ടറേറ്റ് സംസ്ഥാനത്തെ ധാതുമണലുകളെ കുറിച്ച് നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് ലഭ്യമാണോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | (സി) കേന്ദ്ര സർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് കേരളത്തിൽ ബീച്ച് സാന്റ് മിനറൽ നിക്ഷേപത്തെക്കുറിച്ച് പഠനം നടത്തിയിരുന്നു. എന്നാൽ പഠനറിപ്പോർട്ട് ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**